…CHED
10/03/22…

5/3/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


<u>ഹർജി നമ്പർ **AP. 325*(7)/2015*/*എസ്.ഐ.സി.*</u>

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

<u>(ഫയൽ നമ്പർ **2134**/*എസ്.ഐ.സി-ജി 6/2015*)</u>

<u>സന്നിഹിതൻ</u>

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കെ.ബാലകൃഷ്ണൻ,<br>ഗീതാ ക്വാർട്ടേഴ്സ്,<br>ചെരണി, കരുവമ്പ്രം - 676 123,<br>മലപ്പുറം ജില്ല. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ ആശുപത്രി,<br>നിലമ്പൂർ.<br><br>2. അപ്പീൽ അധികാരി,<br>ജില്ലാ ആശുപത്രി,<br>നിലമ്പൂർ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.11.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24.01.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.02.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 09.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 05.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.ബാലകൃഷ്ണൻ, 05.02.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 09.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.325(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞിട്ടും ആവശ്യപ്പെട്ട വിവരം ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് ലഭിച്ച മറുപടിയിൽ ടിയാന് ഒന്നാം എതിർകക്ഷി 8.12.2014ന് മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയുടെ പകർപ്പ് അയയ്ക്കുന്നുവെന്നു രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ടി മറുപടി ഒന്നാം എതിർകക്ഷി ടിയാന് നൽകിയിട്ടില്ലെന്നും രണ്ടാം എതിർകക്ഷിയുടെ മറുപടി കളവാണെന്നും ഒന്നും രണ്ടും എതിർകക്ഷികൾ ടിയാന്റെ അപേക്ഷ കൈകാര്യം ചെയ്തതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) 20(2) എന്നീ വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.11.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) നിലമ്പൂർ ജില്ലാ ആശുപത്രിയിലെ പേവാർഡ് ക്ലീനറായ ശ്രീമതി അജിതകുമാരി 7.11.2014ന് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ടിയാൾക്കെതിരെ ഒരു മാനനഷ്ടക്കേസ് കൊടുക്കുന്നതിന് വേണ്ടിയാണ് ടി ചോദ്യം ചോദിക്കുന്നതെന്നും

2) ശ്രീമതി സുഹാസിനിയുടേയും കെ.പി.ശോഭനകുമാരിയുടെയും പരാതികൾ അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പരാതി സൂപ്രണ്ടിന് അയച്ചിരുന്നുവെന്നും അതല്ലാതെ അജിതകുമാരിയ്ക്കെതിരെ ടിയാൻ സൂപ്രണ്ടിന് പരാതി അയച്ചിട്ടില്ല എന്നും ടിയാന്റെ പേരിൽ

ടിയാൾക്കെതിരെ ആശുപത്രി സൂപ്രണ്ടിന് പരാതി ലഭിച്ചിട്ടുണ്ടോ എന്നു തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 03.12.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 08.01.2015ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 24.01.2015ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാന്റെ 22.11.2014ലെ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. 03.12.2014ന് മറുപടി നൽകിയിട്ടുണ്ടെന്നും 08.12.2014ന് ടി കത്ത് അയച്ചിട്ടുണ്ടെന്നും പ്രസ്തുത മറുപടിയുടെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നുവെന്നും വിവരാവകാശ നിയമപ്രകാരം വ്യത്യസ്തമായ അപേക്ഷകൾക്ക് മറുപടിയുടെ ലഭ്യതയ്ക്കനുസരിച്ച് വ്യത്യസ്ഥമായ കാലയളവ് സ്വാഭാവികമായി സംഭവിക്കുന്നതാണെന്നും മന:പ്പൂർവ്വം മറുപടി താമസിക്കാറില്ലെന്നുമാണ് അറിയിച്ചത്.

4. 06.03.2015ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ 22.11.2014ന് സമർപ്പിച്ച അപേക്ഷയ്ക്ക് 24.11.2014ന് ടി സ്ഥാപനത്തിൽ ലഭിക്കുകയും 20.11.2014ന് ടിയാൻ തന്നെ സമർപ്പിച്ച മറ്റൊരു അപേക്ഷയുടെ മറുപടിയ്ക്കൊപ്പം 03.12.2014ന് നൽകിയിട്ടുണ്ടെന്നും 08.12.2014ന് രജിസ്റ്റേർഡ് തപാലിലാണ് അയച്ചതെന്നും ഇതോടൊപ്പം അയച്ച മറ്റൊരു കത്ത് ടിയാന് ലഭിച്ചിട്ടുണ്ടെന്ന് സമ്മതിക്കുന്നുണ്ടെന്നുമാണ്. കൂടാതെ 22.11.2014ന് ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്ക് 03.12.2014ന് തന്നെ മറുപടി നൽകിയിട്ടുണ്ടെന്നും 24.11.2014ന് ലഭിച്ച അപേക്ഷയ്ക്ക് 30 ദിവസം തികയുന്ന 23.12.2014ന് മുമ്പാകെ മറുപടി നൽകിയിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് ഹർജിക്കാരൻ 08.01.2015ന് നൽകിയ അപ്പീലിന് 24.01.2015ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീലിന്റെ പകർപ്പ് ടി സ്ഥാപനത്തിലേയ്ക്ക് അയച്ചു നൽകിയപ്പോൾ അതോടൊപ്പം വച്ചിരിക്കുന്ന ഒരു കത്ത് അപ്പീലായി പരിഗണിച്ചുകൊണ്ട് ടി സ്ഥാപനത്തിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി കളവായതും തെറ്റിദ്ധരിപ്പിക്കുന്നതുമായതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് 20.11.2014ന് കൊടുത്ത അപ്പീലിനുള്ള മറുപടിയാണ് ടിയാന് 03.12.2014ന് നൽകിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന് ലഭ്യമായ വിവരങ്ങളെല്ലാം സമയബന്ധിതമായി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 മാർച്ച് 05–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/